019809

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - നഴ്സസ് വാരാഘോഷത്തിന്റെ ഭാഗമായുള്ള വിവിധ കമ്മിറ്റി അംഗങ്ങളായി പ്രവർത്തിക്കുന്ന ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ നഴ്സുമാർക്ക് ഡ്യൂട്ടിലീവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ.(സാധാ.)നം.1284/2017/തൊഴിൽ തിരുവനന്തപുരം,തീയതി: 27.09.2017**

---

പരാമർശം:-1. കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 08.02.2017-ലെ നിവേദനം.

2. ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 14.03.2017-ലെ ബി2-1795/2016/ഡി.ഐ.എം.എസ്(2) നമ്പർ കത്ത്.

**ഉത്തരവ്**

അന്താരാഷ്ട്ര നഴ്സസ് ദിനത്തിന്റെ ഭാഗമായി എല്ലാ വർഷവും മെയ് മാസം 5 മുതൽ 12 വരെ നഴ്സസ് വാരമായി ആഘോഷിച്ചുവരുന്നുണ്ട്. ആഘോഷ പരിപാടിയുടെ നടത്തിപ്പിനായി രൂപീകരിക്കുന്ന വിവിധ കമ്മിറ്റികളിൽ പ്രവർത്തിക്കുന്ന ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും സ്വകാര്യ മേഖലയിലേയും നഴ്സ്മാർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കാറുണ്ട് എന്നും കൂടാതെ നഴ്സസ് വാരാഘോഷത്തിന്റെ ഭാഗമായുള്ള കലാ, കായിക, സാഹിത്യ മത്സരങ്ങളിൽ പങ്കെടുക്കുന്ന നഴ്സുമാർക്കും ഡ്യൂട്ടി ലീവ് അനുവദിച്ചു വരുന്നുണ്ട് എന്നും ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും സ്വകാര്യ മേഖലയിലേയും നഴ്സുമാർക്ക് ലഭിക്കുന്ന ഈ ആനുകൂല്യം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ നഴ്സുമാർക്കും അനുവദിക്കണം എന്ന് പരാമർശം -1ലെ നിവേദനം മുഖേന കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ ജനറൽ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും സ്വകാര്യ മേഖലയിലേയും നഴ്സുമാർക്ക് അനുവദിക്കുന്ന ഡ്യൂട്ടി ലീവ് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ നഴ്സുമാർക്കും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ പരാമർശം -2 ലെ കത്ത് മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഴ്സസ് വാരാഘോഷത്തിന്റെ ഭാഗമായുള്ള വിവിധ കമ്മിറ്റികളിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ നഴ്സുമാർക്ക് ഡ്യൂട്ടി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മോഹനകുമാർ.എ.കെ,
അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/ഡി.ബി.സെൽ) കേരളം, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ, സെൻട്രൽ ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ( നം.സി1/121/2017/ആ.കു.വ. തീയതി, 31.08.207 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് കത്ത് നമ്പർ - ബി2-1795/2016/ഡി.ഐ.എം.എസ് തീയതി, 10.10.2017**

ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കായി അയയ്ക്കുന്നു.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കുവേണ്ടി**

സ്വീകർത്താവ്

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് (ദക്ഷിണമേഖല) കൊല്ലം/(മദ്ധ്യമേഖല), എറണാകുളം/ (ഉത്തരമേഖല), കോഴിക്കോട്
2. ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടുമാർ
3. ഇ.എസ്.ഐ ഡിസ്പെൻസറി സ്ഥാപന മേധാവികൾ
4. എസ്റ്റാബ്ലിഷ്മെന്റ് സൂപ്രണ്ട്
5. ഇ5/ ഇ-ഗവേണൻസ് സെക്ഷനുകൾ
6. ഫയൽ/സ്റ്റോക്ക് ഫയൽ

Skv-11.10.17